13 (*339) നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജലവകുപ്പിന്റെ കീഴിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ട് നടപ്പാക്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻപ്രകാരം നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്ക് ലോകബാങ്കിന്റെ സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ ഇതുവരെ എന്ത് സഹായം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ) ഉണ്ട്. ഭൂജലവകുപ്പിന്റെയും ജലസേചനവകുപ്പിന്റെയും കീഴിൽ സംയുക്തമായി നാഷണൽ ഹൈഡ്രോളജി പ്രോജക്ട് നടപ്പാക്കിവരുന്നു.

(ബി) നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ പ്രധാനലക്ഷ്യം ഭൂജല-ഉപരിതല ജലത്തെ സംബന്ധിച്ച് പൂർണ്ണമായ ഒരു ഡേറ്റാബേസ് സ്ഥാപിക്കുകയെന്നതാണ്. സംസ്ഥാനതലത്തിൽ തിരുവനന്തപുരത്ത് ഒരു ഡേറ്റാ സെന്ററും, എറണാകുളത്തും കോഴിക്കോട്ടും ഓരോ റീജിയണൽ ഡേറ്റാ സെന്ററും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഭൂജലവകുപ്പിന്റെ കീഴിൽ കുഴൽക്കിണർ കുഴിക്കുക, ഇതിന്റെ സ്ഥാനം വാട്ടർഷെഡ് മാപ്പിൽ രേഖപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ നടന്നുവരുന്നു. കുഴൽക്കിണറുകളിൽ വെള്ളത്തിന്റെ വ്യതിയാനം വാട്ടർ ലെവൽ റിക്കോർഡർ സ്ഥാപിച്ച് ശേഖരിച്ചുവരുന്നുണ്ട്. ഗുണനിലവാരം പരിശോധനയ്ക്കായി തിരുവനന്തപുരത്തെ ലബോറട്ടറിയുടെ സ്ഥാനം ലെവൽ 2+ ആയി ഉയർത്തിയിട്ടുണ്ട്. കമ്പ്യൂട്ടറുകൾ വാങ്ങി ഡേറ്റാ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ലോകബാങ്ക് സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്. 1999 നവംബർ 30-ാം തീയതി വരെ 327.69 ലക്ഷം രൂപ ലോകബാങ്കിൽനിന്നും ഭൂജലഘടകത്തിന് ലഭിച്ചിട്ടുണ്ട്. ഉപരിതല ജലഘടകത്തിന്റെ കീഴിൽ 11/99 വരെ 250.86 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതിൽ 131.30 ലക്ഷം രൂപ ലോകബാങ്കിൽ നിന്നും റീ-ഇംപേഴ്സ് ചെയ്ത് കിട്ടിയിട്ടുണ്ട്.

14 (*340) പട്ടികവർഗ്ഗ ഊരുകളിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ

ശ്രീ. എ.കെ. മണി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വനാന്തരങ്ങളിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നുണ്ട്;

(ബി) ഇവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് എന്തെല്ലാം ഏർപ്പാടുകളാണ് ചെയ്തിട്ടുള്ളത്;

(സി) പട്ടികവർഗ്ഗ ഊരുകൾ നിർബന്ധിത വിദ്യാഭ്യാസമേഖലയിലാക്കുകയും ഇവിടെയുള്ള കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകി സ്കൂളുകളിൽ ചേർക്കാൻ പദ്ധതി ആവിഷ്കരിക്കുകയും ചെയ്യുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഹിൽപുലയർ, കാട്ടുമായ്ക്കൻ, കുറുമ്പൻ, മലയൻ, മലയർ (തൃശ്ശൂർ ജില്ലയിലും പരിസരപ്രദേശങ്ങളിലും) മലൈപ്പണ്ടാരം, മലവേടർ, മലയരയിലെ ഒരു വിഭാഗം മലയർ, മുതുവാൻ, മുതുഗർ, പണിയർ, ഉള്ളാടർ, ഊരാളി, കാണിക്കാർ എന്നീ വിഭാഗങ്ങളിൽപ്പെട്ട പട്ടികവർഗ്ഗക്കാർ വനാന്തരങ്ങളിൽ അധിവസിക്കുന്നുണ്ട്.

(ബി) ഇവരുടെ കുട്ടികളുടെ വിദ്യാഭ്യാസം മാത്രം ലക്ഷ്യമാക്കി പബ്ലിക് സ്കൂൾ മാതൃകയിൽ താമസസൗകര്യത്തോടുകൂടി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാടു ജില്ലയിലെ നൂൽപ്പുഴയിലും ഓരോ ആശ്രമം സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ ഒരു ആശ്രമം സ്കൂൾ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഊരുകൾക്ക് സമീപം സ്കൂൾ സൗകര്യം ലഭ്യമല്ലാത്ത കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകി അകലെയുള്ള സ്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നതിന് ഇപ്പോൾ തന്നെ പദ്ധതികൾ നിലവിലുണ്ട്. പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഇത്തരത്തിൽ 109 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു.

15 (*341) പദ്ധതികളുടെ നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കാൻ നടപടി

ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിർമ്മാണപ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന ഏതെങ്കിലും ജലസേചനപദ്ധതി 2000-ാമാണ്ട് അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമോ;

(ബി) ഓരോ പദ്ധതിയും ഏതെല്ലാം കാലയളവിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) എം.വി.ഐ.പി. ഏത് വർഷം പൂർത്തിയാക്കാനാണ് മുൻ ഗവണ്മെന്റ് നിശ്ചയിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly